1924 ജനുവരി 16 ന് പല്ലനയാറ്റിൽ ബോട്ട് മുങ്ങിയാണ് മരിച്ചത് 51-ാം വയസ്സിൽ.

25. കുമാരനാശാൻ എവിടെ ജനിച്ചു?
    A) തിരുവനന്തപുരം കായിക്കര
    B) കൊല്ലം
    C) ആലപ്പുഴ
    D) എറണാകുളം

26. കുമാരനാശാൻ എത്ര വർഷം വിവേകോദയം മാസികയുടെ പത്രാധിപരായിരുന്നു?
    A) 10 വർഷം
    B) 13 വർഷം
    C) 15 വർഷം
    D) 20 വർഷം

27. കുമാരനാശാൻ ഏത് മാസിക പതിനൊന്ന് മാസത്തേക്ക് പ്രസിദ്ധീകരിച്ചു?
    A) വിവേകോദയം
    B) പ്രതിഭ
    C) മാതൃഭൂമി
    D) ദേശാഭിമാനി

28. കുമാരനാശാൻ ഏത് മാസിക വർഷം പ്രജാസഭാംഗമായി നോമിനേറ്റ് ചെയ്യപ്പെട്ടു?
    A) 1920
    B) 1921
    C) 1922
    D) 1923

29. കുമാരനാശാൻ എത്ര വയസ്സിൽ മരണമടഞ്ഞു?
    A) 50

B) 51

C) 52

D) 53

30. കുമാരനാശാൻ ഏത് നദിയിലാണ് ബോട്ട് മുങ്ങി മരിച്ചത്?

A) പെരിയാർ

B) പമ്പ

C) പല്ലനയാറ്റ്

D) ഭാരതപ്പുഴ

31. കുമാരനാശാൻ ഏത് വർഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽ വെയിൽസ് രാജ കുമാരനിൽ നിന്ന് പട്ടും വളയും സമ്മാനമായി ലഭിച്ചു.?

A) 1920

B) 1921

C) 1922

D) 1923

## 6. വേദ വിദ്യാഭ്യാസം

പ്രാചീന ഇന്ത്യയിൽ, വേദങ്ങൾ ജനങ്ങളുടെ ജീവിതത്തിൽ നിർണായകമായ പ്രസക്തി നേടിയിരുന്നു. ആളുകൾക്ക് അവരുടെ ജീവിതം നയിക്കുവാനുള്ള ശരിയായ പാത കാണിക്കുന്ന വിശുദ്ധ ഗ്രന്ഥങ്ങളായി അവ കണക്കാപ്പെട്ടിരുന്നു. ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം വൈദിക വിദ്യാഭ്യാസ സമ്പ്രദായമായിരുന്നു. അവിടെ ഉയർന്ന ജാതിയിലുള്ള ബ്രാഹ്മണരുടെയും ക്ഷത്രിയരുടെയും കുട്ടികളെ ഗുരുകുലത്തിൽ അവരുടെ ജീവിതകാലത്ത് വേദങ്ങൾ പഠിപ്പിച്ചു. വേദ വിദ്യാഭ്യാസ സമയത്ത് ഋഗ്വേദം, സാമവേദം, യജൂർവേദം, അഥർവ്വവേദം എന്നിങ്ങളെ നാല് വേദങ്ങൾ പഠിച്ചു.

ബ്രിട്ടീഷുകാർ ഇന്ത്യയിലേക്ക് വരുന്നതിനുമുമ്പ്, വേദവിദ്യാഭ്യാസമായിരുന്നു രാജ്യത്തെ വിദ്യാഭ്യാസ മാർഗം. എന്നിരുന്നാലും, വ്യാവസായിക കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ അതിപ്രസരം കാരണം, വൈദിക വിദ്യാഭ്യാസ സമ്പ്രദായത്തിന് അതിന്റെ പ്രാധാന്യം നഷ്ടപ്പെടാൻ തുടങ്ങി. എന്നിരുന്നാലും, ഇന്നത്തെ കാലത്ത് ആളുകൾ വേദവിദ്യാഭ്യാസത്തിൽ താല്പര്യം വീണ്ടെടുത്തു തുടങ്ങിയിരിക്കുന്നു.

32. പ്രാചീന ഇന്ത്യയിൽ വേദങ്ങൾ എന്തിനാണ് പ്രധാനമായിരുന്നു?

A) മതപരമായ ചടങ്ങുകൾക്കായി

B) ജനങ്ങളുടെ ജീവിതം നയിക്കാനുള്ള ശരിയായ പാത കാണിക്കുന്നതിനായി

C) കൃഷി പ്രവർത്തനങ്ങൾക്കായി

D) യുദ്ധ പരിശീലനത്തിനായി

33. ഇന്ത്യയിലെ ആദ്യത്തെ വിദ്യാഭ്യാസ സമ്പ്രദായം ഏതാണ്?

A) ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം

B) മുസ്ലിം വിദ്യാഭ്യാസ സമ്പ്രദായം

C) വൈദിക വിദ്യാഭ്യാസ സമ്പ്രദായം

D) ബുദ്ധ വിദ്യാഭ്യാസ സമ്പ്രദായം

34. വൈദിക വിദ്യാഭ്യാ, സമ്പ്രദായത്തിൽ പ്രധാനമായും ആരുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിച്ചിരുന്നു?

A) ശൂദ്രർ

B) വൈശ്യർ

C) ബ്രാഹ്മണർ, ക്ഷത്രിയർ

D) ദളിതർ

35. വേദവിദ്യാഭ്യാസ സമയത്ത് പഠിപ്പിച്ചിരുന്ന വേദങ്ങൾ ഏതൊക്കെയാണ്?

A) ഋഗ്വേദം, സാമവേദം, യജുർവേദം, അഥർവ്വവേദം

B) ഭഗവത്ഗീത, രാമായണം, മഹാഭാരതം, പുരാണങ്ങൾ

C) ഉപനിഷത്തുകൾ, സ്മൃതികൾ, ശാസ്ത്രങ്ങൾ

D) ത്രിപിടകങ്ങൾ, ജാതക കഥകൾ

36. വ്യവസായിക കാലഘട്ടത്തിലെ വിദ്യാഭ്യാസത്തിന്റെ അതിപ്രസരം കാരണം എന്താണ് സംഭവിച്ചത്.

A) വൈദിക വിദ്യാഭ്യാസ സമ്പ്രദായത്തിന് പ്രാധാന്യം വർദ്ധിച്ചു.

B) വൈദിക വിദ്യാഭ്യാസ സമ്പ്രാദായത്തിന് പ്രാധാന്യം നഷ്ടപ്പെട്ടു

C) വൈദിക വിദ്യാഭ്യാസ സമ്പ്രദായം പുതിയ മാറ്റങ്ങൾ വരുത്തി.

D) വൈദിക വിദ്യാഭ്യാസ സമ്പ്രാദായം പുതിയ വിദ്യാർത്ഥികളെ ഉൾപ്പെടുത്തി.

37. ഇന്നത്തെ കാലത്ത് ആളുകൾ എന്തിൽ താല്പ്പര്യം വീണ്ടെടുത്തു തുടങ്ങിയിരിക്കുന്നു.?

A) വൈദിക വിദ്യാഭ്യാസത്തിൽ

B) വ്യവസായിക വിദ്യാഭ്യാസത്തിൽ

C) സാങ്കേതിക വിദ്യാഭ്യാസത്തിൽ

D) വൈദ്യശാസ്ത്ര വിദ്യാഭ്യാസത്തിൽ

## 7. വേദ കാലഘട്ടം

ഹിന്ദുമതത്തിലെ ഏറ്റവും പുരാതന വിശുദ്ധ ഗ്രന്ഥങ്ങളായ വേദങ്ങൾ രചിക്കപ്പെട്ട കാലമാണ് ഇന്ത്യ ചരിത്രത്തിൽ വേദകാലഘട്ടം (അല്ലെങ്കിൽ വേദയുഗം) എന്ന് അറിയപ്പെടുന്നത്. പണ്ഡിതമതവും സാഹിത്യപരമായ തെളിവുകളും അനുസരിച്ച് വേദ കാലഘട്ടം ക്രി.മു. രണ്ടാം സഹസ്രാബ്ധത്തിനും ഒന്നാം സഹസ്രാബ്ധത്തിനും ഇടയ്ക്ക് ക്രി.മ.6-ഉം നൂറ്റാണ്ടുവരെ തുടരുന്ന കാലത്താണ്.

ഈ കാലഘട്ടത്തോട് അനുബന്ധിച്ചുള്ള സംസ്കൃതി (ചിലപ്പോൾ വേദ

സംസ്കാരം എന്നും അറിയപ്പെടുന്നു) ഇന്ത്യൻ ഉപഭൂകണ്ഡത്തിന്റെ വടക്ക്, വടക്കുപടിഞ്ഞാറ് ഭാഗങ്ങളെ കേന്ദ്രീകൃതമായിരുന്നു. ആര്യമാരുടെ വരവോടു കൂടിയാണ് വേദകാലം ആരംഭിക്കുന്നത്, ഈ കാലത്താണ് പല പുരാതന ഇന്ത്യൻ സാമ്രാജ്യങ്ങളും രൂപപ്പെട്ടത്. ഇതിന്റെ അവസാന പാദങ്ങളിൽ (ക്രി.മു) 600 മുതൽ), ഈ സംസ്കൃതി മഹാജനപദങ്ങളുടെ ഉദയത്തിന് സാക്ഷ്യം വഹിച്ചു. വേദ്കാലഘട്ടത്തിനു പിന്നാലെ മൗര്യ സാമ്രാജ്യം )ക്രി.മു. 320 മുതൽ), ഹിന്ദുമതത്തിന്റെയും ക്ലാസിക്കൽ സംസ്കൃത സാഹിത്യത്തിന്റെയും സുവർണ്ണ കാലം, ഇന്ത്യയിലെ മദ്ധ്യാകല സാമ്രാജ്യങ്ങൾ, എന്നിവ നിലവിൽ വന്നു.

38. വേദകാലഘട്ടം എപ്പോഴാണ് ആരംഭിച്ചത്?

A) ക്രി.മു. 320

B) ക്രി.മു. 1500

C) ക്രി.മു. 600

D) ക്രി.മു. 2000

39. വേദ കാലഘട്ടത്തിന്റെ അവസാന പാദത്തിൽ എന്താണ് സംഭവിച്ചത്?

A) മൗര്യ സാമ്രാജ്യം രൂപപ്പെട്ടു

B) മഹാജനപാദങ്ങളുടെ ഉദയം

C) ഹരപ്പൻ സംസ്കാരം ആരംഭിച്ചു

D) ഗുപ്ത സാമ്രാജ്യം രൂപപ്പെട്ടു.

40. വേദ കാലഘട്ടത്തിന്റെ പ്രധാന സവിശേഷത എന്താണ്?

A) ഹരപ്പൻ സംസ്കാരം

B) ആര്യന്മാരുടെ വരവ്

C) മൗര്യ സാമ്രാജ്യം

D) ഗുപ്ത സാമ്രാജ്യം

41. വേദ കാലഘട്ടത്തിനു ശേഷം ഏത് സാമ്രാജ്യം രൂപപ്പെട്ടു?

A) മഗധ സാമ്രാജ്യം

B) ഗുപ്ത സാമ്രാജ്യം

C) മൗര്യ സാമ്രാജ്യം

D) ചോള സാമ്രാജ്യം

42. വേദ കാലഘട്ടത്തിന്റെ സംസ്കൃതി ഏത് ഭാഗത്തെ കേന്ദ്രീകൃതമായിരുന്നു.?

A) ദക്ഷിണേന്ത്യ

B) വടക്കുകിഴക്കൻ ഇന്ത്യ

C) വടക്കു പടിഞ്ഞാറൻ ഇന്ത്യ

D) പടിഞ്ഞാറൻ ഇന്ത്യ

## 8. രാമായണം

ഭാരതത്തിന്റെ സംഭാവനയായ രണ്ട് ഇതിഹാസങ്ങളിൽ ഒന്നാണ് രാമായണം. രാമന്റെ യാത്ര എന്നാണ് രാമായണത്തിനർത്ഥം. വാല്മീകി മഹർഷി രചിച്ച

രാമായണം കാവ്യരൂപത്തിലുള്ളആദ്യകൃതിയാണ് എന്ന് വിശ്വസിക്കപ്പെടുന്നു. അതുകൊണ്ട് ഇത് ആദിമകാവ്യം എന്നും അറിയപ്പെടുന്നു, മഹത്തായ സീത കാവ്യം എന്നും അറിയപ്പെടുന്നു. മഹത്തായ സീതാചരിത്രവും പൗലസ്ത്യവ ധവുമാണ് രാമകഥാസംക്ഷേപസാരം. ധാർമ്മിക മൂല്യങ്ങളെ മുറുകെ വിടിക്കാ നായി മഹത്തായ സിംഹാസനം വരെ ഉപേക്ഷിച്ച രാമനേയും ഭരതനേയും പോലുള്ള മനുഷ്യരുടെ കഥയിലൂടെ മഹത്തരമായ ധർമ്മ സംരക്ഷണത്തെ ക്കുറിച്ചുള് സന്ദേശമാണ് വാല്മീകി രാമായണത്തിൽ നിന്ന് ലഭിക്കുന്നത്. വാല്മീകി രാമായണത്തിനു മുന്നേ തന്നെ രാമകഥയെ അടിസ്ഥാനമാക്കിയുള്ള ആഖ്യാനങ്ങൾ ലഭ്യമല്ലാത്തതിനാലാണ് വാല്മീകിരാമായണം രാമകഥയുടെ ഏറ്റവും പ്രാചീനമായ രൂപമായിത്തീർന്നത്.

43. രാമായണത്തിന്റെ അർത്ഥം എന്താണ്?
    - A) രാമന്റെ യാത്ര
    - B) രാമന്റെ ജീവിതം
    - C) രാമന്റെ യുദ്ധം
    - D) രാമന്റെ സ്നേഹം

44. ആദിമകാവ്യം എന്നറി കൃതി ഏതാണ്?
    - A) മഹാഭാരതം
    - B) വേദങ്ങൾ
    - C) വാല്മീകി രാമായണം
    - D) ഉപനിഷത്തുകൾ

45. വാല്മീകി രാമായണത്തിന്റെ പ്രധാന കഥാസംക്ഷേപം എന്താണ്.?
    - A) രാമന്റെ യുദ്ധം
    - B) സീതാചരിത്രവും പൗലസ്ത്യവധവും
    - C) രാമന്റെ സ്നേഹവും സഖ്യവും
    - D) രാമന്റെ യാത്രയും തിരിച്ചുവരവും

46. വാല്മീകി രാമായണത്തിൽ നിന്ന് ലഭിക്കുന്ന പ്രധാന സന്ദേശം എന്താണ്?
    - A) സ്നേഹത്തിന്റെ മഹത്വം
    - B) ധർമ്മ സംരക്ഷണം
    - C) മൗര്യ സാമ്രാജ്യം
    - D) യുദ്ധത്തിന്റെ അനിവാര്യത

47. വാല്മീകി രാമായണത്തിനു മുമ്പ് പ്രചാരത്തിലുണ്ടായിരുന്ന രാമകഥകൾ എന്താ യിരുന്നു.
    - A) കാവ്യങ്ങൾ
    - B) ആഖ്യാനങ്ങൾ
    - C) പുരാണങ്ങൾ
    - D) ഉപനിഷത്തുകൾ

**9. അകനാടകങ്ങൾ**

നാടകം ഒരു രംഗകലാരൂപമാണെങ്കിൽ അകനാടകം തനതായ നാടകസാഹിത്യരൂപമാണ്. നാടകീയ മുഹൂർത്തങ്ങളുടെ ദൃശ്യാവിഷ്ക്കാരത്തിനായുള്ള രംഗപാഠമെന്ന നിലയിൽ സമൂർത്തമായ ദൃശ്യമാനത്തിൽ തയ്യാറാക്കപ്പെടുന്ന രചനകളെ പൊതുവേ, നാടകസാഹിത്യമായി തന്നെയാണ് പരിഗണിക്കപ്പെടുന്നത്. അതേസമയ, അവയുടെ സ്വതന്ത്രമായ ദൃശ്യാവിഷ്കാരത്തിൽ നാടകകൃത്തല്ല പ്രധാനി, സംവിധായകനാണ്. എന്നാൽ ദൃശ്യാവിഷ്ക്കാരത്തിന് വഴങ്ങാത്തതും അമൂർത്തവും ഭാവാത്മകവുമയ നാടകീയ മുഹൂർത്തങ്ങൾ നാടകാവബോധത്തോടെ വായനക്കുവേണ്ടി മാത്രം രചിക്കപ്പെടുന്നവയാണ് അകനാടകങ്ങൾ. നാടകകൃത്തും തിരക്കഥാകൃത്തുമായ മന്ദ്യത്ത് സുകുമാരൻ എന്ന എം. സുകുമാർജിയാണ് ആദ്യമായി അകനാടക രചനാസമ്പ്രദായം പരീക്ഷിച്ചത്. 1985-ൽ ഏഴ് ലഘു അകനാടകങ്ങളുടെ സമാഹാരമായ പൂക്കൾകൊണ്ടൊരു ഇതിഹാസമായിരുന്നു. ആദ് കൃതി. ്തേ തുടർന്ന് 2022 -ൽ പന്ത്രണ്ട് ലഘു അകനാടകങ്ങളുടെ സമാഹാരമായ പന്ത്രണ്ട് അകനാടകങ്ങൾ എന്ന കൃതിയും പ്രസിദ്ധീകരിക്കപ്പെട്ടു.

48. അകനാടകങ്ങൾ എന്താണ്?

A) ഒരു രംഗകലാരൂപം

B) തനതായ നാടകസാഹിത്യരൂപം

C) ഒരു സംഗീതരൂപം

D) ഒരു ചിത്രകലാരൂപം

49. അകനാടകങ്ങൾ ആരാണ് ആദ്യമായി പരീക്ഷിച്ചത്?

A) എം.സുകുമാരൻ

B) കൃഷ്ണപിള്ള

C) വള്ളത്തോൾ

D) കുമാരനാശാൻ

50. പൂക്കൾകൊണ്ടൊരു ഇതിഹാസ എന്ന കൃതി എപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടു.

A) 980

B) 1985

C) 1990

D) 1995

51. പന്ത്രണ്ട് അകനാടകങ്ങൾ എന്ന കൃതി എപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടു?

A) 2000

B) 2010

C) 2020

D) 2022

52. അകനാടകങ്ങളുടെ ദൃശ്യാവിഷ്ക്കാരത്തിൽ പ്രധാനി ആരാണ്?

A) നാടകകൃത്ത്

B) സംവിധാനങ്ങൾ

C) നടൻ

**10. മഹാഭാരതം**

ലോകത്തിലെ ഏറ്റവും ബൃഹത്തായ ഇതിഹാസ കൃതികളിൽ ഒന്നാണ് മഹാഭാരതം. (ഇംഗ്ലീഷിൽ: The Mahabharata ദേവനാഗരിയിൽ **(महाभारतं)** മഹാഭാരതത്തിലെ ആദ്യ ശ്ലോകം ഓം നാരായണനെയും (കൃഷ്ണൻ), പുരുഷന്മാരിൽ അത്യുന്നതനായ നരനെയും (അർജുനൻ), സരസ്വതി ദേവിയെയും വണങ്ങി ജയ എന്ന വാക്ക് ഉച്ചരിക്കണം. എന്ന് വ്യാസൻ പ്രാർത്ഥനയോടെ തുടങ്ങുന്നു. ഭാരതീയ വിശ്വാസമനുസരിച്ച് ആകെയുള്ള രണ്ട് ഇതിഹാസങ്ങളിൽ ഒന്നാണിത്. മറ്റൊന്ന് രാമായണം ആണ്. മഹാഭാരതം ഇതിഹാസവും രാമായണം ആഖ്യാനവും എന്നൊരി വേർതിരിവും വേദകാലത്ത് നിലനിന്നിരുന്നു. വേദങ്ങൾ ഉൾകൊള്ളാൻ കഴിയാത്ത സാധാരണ ജനങ്ങൾക്കും സമർപ്പിക്കപ്പെട്ട കാവ്യശാഖയാണ് ഇതിഹാസങ്ങൾ എന്ന ശങ്കരാചാര്യരുടെ അഭിപ്രായത്തെ പിന്തുടർന്ന് മഹാഭാരതത്തെ പഞ്ചമവേദം എന്നും വിളിക്കുന്നു. വേദവ്യാസനാണ് ഇതിന്റെ രചയിതാവ് എന്നാണ് വിശ്വസിക്കപ്പെടുന്നത്. എന്നാൽ ഇന്നു കാണുന്ന രീതിയിലിത് എത്തിച്ചേർന്നത് വളരെക്കാലങ്ങളായുള്ള കൂട്ടിച്ചേർക്കലുകളിലൂടെയാണ്. മഹാഭാരതം ആദിപർവത്തിൽ പറയുന്നത് 8,800 പദ്യങ്ങൾ മാത്രമുള്ള ഗ്രന്ഥമായരുന്നു എന്നാണ് എങ്കിലും പിന്നീടത് 24,000 ശ്ലോകങ്ങളും അതിനുശേഷം ഒന്നേകാൽ ലക്ഷമുള്ള ഗ്രന്ഥമായി വളർന്നുവെന്നും കാണാം. അതുകൊണ്ടു വ്യാസൻ എന്നത് ഒരു വംശനാമമോ, ഗുരുകുലമോ ആകാനാണ് സാധ്യത.

53. ഗുപ്തകാലത്താണ് ഒരു മഹാഭാരതം എത്ര ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു?

A) 50,000

B) 100,000

C) 150,000

D) 200,000

54. മഹാഭാരതം ആരാണ് രചിച്ചതെന്ന് വിശ്വസിക്കപ്പെടുന്നത്?

A) വാല്മീകി

B) തുളസിദാസ്

C) വ്യാസൻ

D) കാളിദാസൻ

55. മഹാഭാരതത്തിലെ പ്രധാന കഥ എന്താണ്?

A) രാമനും സീതയും

B) കൃഷ്ണനും രാധയും

C) പാണ്ഡവരും കൗരവരും തമ്മിലുള്ള യുദ്ധം

D) ശിവും പാർവ്വതിയും

56. കുരുക്ഷേത്ര യുദ്ധം എന്തിന്റെ പോരാട്ടമായി കണക്കാക്കപ്പെടുന്നു?

A) സ്നേഹത്തിന്റെയും ദ്രോഹത്തിന്റെയും

B) ധർമ്മത്തിന്റെയും അധർമ്മത്തിന്റെയും

C) സമാധാനത്തിന്റെയും യുദ്ധത്തിന്റെയും

D) ജ്ഞാനത്തിന്റെയും അജ്ഞാനത്തിന്റെയും

57. മഹാഭാരതം എന്തിന്റെ മഹത്വം പ്രമാണിക്കുന്ന ഒരു ഗ്രന്ഥമാണ്?

A) സ്നേഹത്തിന്റെ

B) ധർമ്മത്തിന്റെ

C) സമാധാനത്തിന്റെ

D) ജ്ഞാനത്തിന്റെ

58. താഴെപ്പറയുന്ന കൃതികളിൽ പി കേശവദേവ് എഴുതിയ കൃതി ഏത് ?

A) ചെമ്മീൻ

B) മതിലുകൾ

C) ഖസാക്കിന്റ് ഇതിഹാസം

D) ഓടയിൽ നിന്ന്

59. ഉദ്യാനം എന്ന വാക്കിന് സമാനമായ പദം ഏത്?

A) കാട്

B) വാടി

C) കുസുമം

D) വല്ലി

60. കേരള കലാമണ്ഡലം സ്ഥാപിച്ചതാര്?

A) ഉള്ളൂർ എസ് പരമേശ്വരയ്യർ

B) വള്ളത്തോൾ നാരായണമേനോൻ

C) കുമാരനാശാൻ

D) കുഞ്ചൻ നമ്പ്യാർ

61. കേരളത്തിലെ അനുഷ്ഠാന കലാരൂപത്തിൽ പെടാത്തത് ഏത്?

A) മുടിയേറ്റ്

B) കഥകളി

C) പടയണി

D) തെയ്യം

62. താഴെപ്പറയുന്നവയിൽ കഥകളി വേഷത്തിൽ പെടാത്തത് ഏത്?

A) മിനുക്ക്

B) മുടി

C) താടി

D) കത്തി

63. താഴെ തന്നിട്ടുള്ളവയിൽ ശരിയായ പദം തിരഞ്ഞെടുക്കുക?

A) ശങ്കാരം

B) ശൃംകാരം

C) ശൃംഗാരം

D) സിംഗാരം

64. 'ഓമനത്തിങ്കൾക്കിടാവോ' എന്ന താരാട്ട് പാട്ട് എഴുതിയത് ആര് ?

A) ഒ എൻ വി കുറുപ്പ്

B) കടമിനിട്ട രാമകൃഷ്ണൻ

C) ഇരയിമ്മൻ തമ്പി

D) ബാലചന്ദ്രൻ ചുള്ളിക്കാട്

65. കുട്ടനാട്ടുകാർ നമ്മുടെ ആദ്യത്തെ പ്രധാനമന്ത്രിക്ക് നൽകിയ വരവേൽപ്പ് ഒരു ജലമേളയ്ക്ക് തുടക്കം കുറിച്ചു. ഏതാണാ വള്ളംകളി

A) നീരേറ്റുപുറം വള്ളംകളി

B) ആറന്മുള ഉത്രട്ടാതി വള്ളംകളി

C) ചതയം ജലോത്സവം

D) നെഹ്റു ട്രോഫി വള്ളംകളി

66. ഒരാൾ തന്റെ സ്വന്തം ജീവിതാനുഭവങ്ങൾ എഴുതുന്നതിന് എന്തു പറയാം?

മ) ജീവചരിത്രക്കുറിപ്പ്

യ) ആത്മകഥ

ര) യാത്രാവിവരണം

റ) നോവൽ

67. പ്രശസ്ത എഴുത്തുകാരൻ തകഴി ശിവശങ്കരപ്പിള്ളയുടെ ജന്മസ്ഥലമായ തകഴി ഏത് ജില്ലയിലാണ്?

A) ആലപ്പുഴ

B) കോട്ടയം

C) ഇടുക്കി

D) പത്തനംതിട്ട

68. 'അന്യജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' ഈ വരികൾ ആരുടേതാണ്?

A) ഒഎൻവി കുറുപ്പ്

B) കുമാരനാശാൻ

C) വള്ളത്തോൾ നാരായണമേനോൻ

D) ബാലാമണിയമ്മ

69. കണ്ണീർ എന്ന പദം പിരിച്ചെഴുതുക?

A) കൺ + നീർ

B) കണ്ണു + നീർ

C) കണ്ണ് + നീര്

D) കണ്ണ് + നീർ

70. 'മണ്ണ് വിറ്റ് പൊന്നു വാങ്ങരുത്' എന്ന ശൈലി താഴെപ്പറയുന്നവയിൽ ഏതുമായി ബന്ധപ്പെട്ടതാണ്?

A) കൃഷി

B) പണം

C) വിദ്യ

D) തൊഴിൽ

71 'അഴക്' എന്ന വാക്കിന് മറ്റൊരു പദം ഏത്?

A) മിനി

B)ഭംഗി

C) രൂപം

D) ആകാരം

72. താഴെ കൊടുത്തിരിക്കുന്നവയിൽ നാടക കലാരൂപവുമായി ബന്ധമില്ലാത്തത് ഏത്?

A) ഷൂട്ടിംഗ്

B) നടീനടന്മാർ

C) വേഷവിധാനം

D) രംഗ സജ്ജീകരണം

73. താഴെ കൊടുത്തിരിക്കുന്ന ചിത്രം ഏത് കവിയുടേതാണ്?



A) കുമാരനാശാൻ

B) വള്ളത്തോൾ നാരായണമേനോൻ

C) ബാലചന്ദ്രൻ ചുള്ളിക്കാട്

D) വൈലോപ്പിള്ളി ശ്രീധരമേനോൻ

74.) എപിജെ അബ്ദുൽ കലാം ജനിച്ച വർഷം ഏത്?

A) 1931

B) 1949

C)1933

D)1947

75. താഴെപ്പറയുന്നവയിൽ ഒരു കാർഷിക അനുഷ്ഠാന നൃത്ത കലാരൂപം ഏത്?

A) തെയ്യം

B) പടയണി

C) കണ്യാർകളി

D) മാർഗംകളി

76. 'വായ്ത്താരികൾ' പാടുന്നത് ഏതുതരം പാട്ടുകൾക്കാണ്?

A) വഞ്ചിപ്പാട്ട്

B) ശാസ്ത്രീയ സംഗീതം

C) മാപ്പിളപ്പാട്ട്

D) യക്ഷഗാനം

77. താഴെ കൊടുത്തിരിക്കുന്നവയിൽ നാടൻ കളിയേത്?

A) ഹോക്കി

B) ക്രിക്കറ്റ്

C) ടെന്നീസ്

D) തലപ്പന്തുകളി

**11. എപിജെ അബ്ദുൽ കലാം**

1960-ൽ ബിരുദം നേടിയ ശേഷം കലാം, ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ഡെവലപ്പമെന്റ് ആന്റ്റ് പ്രൊഡക്ഷൻ (എയർ) എന്ന സ്ഥാപനത്തിൽ ശാസ്ത്രജ്ഞനായി ജോലിക്കു ചേർന്നു. ഇന്ത്യയുടെ പ്രതിരോധ മന്ത്രാലയത്തിന്റെകീഴിലുള്ളതായിരുന്നു ഈ സ്ഥാപനം പ്രതിരോധ മേഖലയ്ക്കായിസാങ്കേതികവിദ്യയും ഉപകരണങ്ങളും വികസിപ്പിക്കുന്ന ഒരു കേന്ദ്രമായിരുന്നു ഇത്. ഇന്ത്യൻ സൈന്യത്തിനു വേണ്ടി ഒരു സൂപ്പർസോണിക്ക് ടാർജറ്റ് എയർക്രാഫ്റ്റ് നിർമ്മിക്കുക എന്നതായിരുന്നു ഒരു ശാസ്ത്രജ്ഞൻ എന്ന നിലയിൽ കലാമിന്റെ ആദ്യ ന്നത്യം ഈ ഉദ്യോഗത്തിൽ കലാം പൂർണ്ണ സംതൃപ്തനല്ലായിരുന്നു.

78. ശാസ്ത്രജ്ഞൻ എന്ന നിലയിൽ എ.പി.ജെ അബ്ദുൽ കലാമിന്റെ ആദ്യദൗത്യം എന്തായിരുന്നു?

A) എയർക്രാഫ്റ്റ് നിർമ്മിക്കുക

B) വിമാനം നിർമ്മിക്കുക

C) സ്റ്റാർസോണിക്ക് ടാർജറ്റ് എയർ ക്രാഫ്റ്റ് ഉ. സൂപ്പർ സോണിക്

79. ഏതു വർഷമാണ് എപിജെ അബ്ദുൽ കലാം ബിരുദം നേടിയത്

A) 1999

B) 1960

C) 1945

D) 1999

80. പ്രതിരോധ മേഖലയ്ക്കായി സാങ്കേതികവിദ്യയും ഉപകരണങ്ങളും വികസിപ്പിക്കുന്ന കേന്ദ്രം

A) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ ഡെവലപ്പ്മെന്റ് ആന്റ് പ്രൊഡക്ഷൻ

B). പ്രൊഡക്ഷൻ ആൻഡ് എയർ

C) ഡെവലപ്പ്മെന്റ്റ് ആന്റ് പ്രൊഡക്ഷൻ

D) ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ

81. ഏതു രാജ്യത്തിനു വേണ്ടിയാണ് എയർക്രാഫ്റ്റ് നിർമ്മിച്ചത്

C) അമേരിക്ക

B) ഇന്ത്യ

C) ആസ്ട്രേലിയ

D) ഫുലഖ്

82. എ.പി.ജെ അബ്ദുൽ കലാം ആരായിരുന്നു

A) സാധാരണ മനുഷ്യൻ

B) ശാസ്ത്രജ്ഞൻ

C) അധ്യാപകൻ

D) എൻജിനീയർ

**12. പ്രകൃതിയുടെ കാള**

പ്രകൃതിയ്ക്ക് പലവിധ സവിശേഷതകളുണ്ട്. മലകളും നദികളും കടലുകളും പ്രകൃതിയുടെ അത്ഭുതങ്ങളാണ്. പ്രഭാതത്തിൽ മഞ്ഞുപൊടിയാൽ മൂടിയ പച്ചമലകൾ കാണുമ്പോൾ മനസിന് പ്രത്യേകമായ ഒരു സുഖം തോന്നും. പകൽ സൂര്യപ്രകാശം പർവ്വതങ്ങളിലേക്ക് വീണു തിളങ്ങുമ്പോൾ പ്രകൃതിയുടെ സൗന്ദര്യം ഒരുപാട് വർദ്ധിക്കുന്നു. നദികളുടെ ശബ്ദം, കാറ്റിന്റെ മുഴക്കം എന്നിവ പ്രകൃതിയുടെ ഗാനം പോലെ നമ്മെ ആകർഷിക്കുന്നു. നമ്മുടെ ജീവിതത്തിൽ പ്രകൃതിയുമായി ബന്ധപ്പെടുമ്പോഴാണ് സത്യമായും സുഖമോ സന്തോഷമോ ഉണ്ടാകുന്നത്.

83. ഈ പാഠത്തിൽ ഏതെല്ലാം പ്രകൃതി രൂപങ്ങളെ പരാമർശിക്കുന്നു?

A) മരങ്ങളും പൂക്കളും

B) ആകാശവും കായലുകളും

C) മലകളും നദികളും

D) പറവയും പാതകളും

84. പ്രഭാതത്തിൽ മലകൾ എന്തുകൊണ്ട് മനോഹരമാകുന്നു?

A) മഴ കാരണം

B) മഞ്ഞ് പൊടികൾ മൂടിയിരിക്കുന്നത് കാരണം

C) മൃഗങ്ങൾ നടക്കുന്നത് കാരണം

D) സൂര്യന്റെ ശബ്ദം കാരണം

85. പകൽ സൂര്യപ്രകാശം മലകളിൽ പതിച്ചാൽ എന്ത് സംഭവിക്കുന്നു?

A) മലകൾ ദുർബലമാവും

B) പ്രകൃതിയുടെ സൗന്ദര്യം വർധിക്കുന്നു.

C) മഴ തുടങ്ങും

D) മഞ്ഞ് പെയ്യും

86. പ്രകൃതിയുടെ ശബ്ദങ്ങൾ ഏതൊക്കെയാണ്?

A)കാറ്റിൻറെ മുഴക്കം, നദിയുടെ ശബ്ദം

B)കാളകളുടെ നിലവിളി

C)വാഹങ്ങളുടെ ശബ്ദം

D)ലൈറ്റുകളുടെ ഫ്ലാഷുകൾ

87. പ്രകൃതിയുമായി ബന്ധപ്പെടുമ്പോൾ എന്താണ് അനുഭവപ്പെടുന്നത്?

A)) ദു:ഖം

B) അലക്ഷ്യം

C) സുഖവും സന്തോഷവും

D) പേടി

**13. എവറസ്റ്റിലെ വിജയയാത്ര**

രാജു ചെറുപ്പം മുതലേ എവറസ്റ്റിൽ ചുവട് വെക്കാനുള്ള സ്വപ്നം കണ്ടു. അദ്ദേഹത്തിന് മലകയറ്റത്ത ഏറെ താൽപര്യമുണ്ടായിരുന്നു. പല കായിക മത്സരങ്ങളിലും രാജു വിജയിച്ചിരുന്നു, പക്ഷേ, എവിന കയറുക എന്നത് അവന്റെ ഏറ്റവും വലിയ ലക്ഷ്യമായിരുന്നു.

പല വർഷത്തെ പരിശീലനത്തിനും കഠിനാധ്വാനത്തിനും ശേഷം, എവറസ്റ്റ് കയറാനുള്ള അവന രാജുവിന് ലഭിച്ചു. രാജു അനേകം സഞ്ചാരികളുമായി ചേർന്ന്, മല കയറാൻ തുടങ്ങുകയായിരു ഉയരത്തിലേക്ക് കയറുന്നവർക്ക് ഏറ്റവും വലിയ വെല്ലുവിളി പ്രാണവായുവിന്റെ കുറവ് ആയിരുന്നു. ഒ നിമിഷവും കടുത്ത തണുപ്പും കാറ്റും സഹിക്കാൻ അദ്ദേഹം തയ്യാറായി. കയറുന്ന ദിവസം കടന്നപ്പോൾ, ബുദ്ധിമുട്ടുകൾ കൂടിവന്നു. ചിലപ്പോൾ, പാതകൾ മഞ്ഞിൽ മൂടിയിരിക്കും, കാറ്റിൽ മലക്ക കൊടുമുടികൾ മങ്ങിപ്പോയി. ചില കൂട്ടുകാർ പിന്നോട്ടില്ലെന്ന് തീരുമാനിച്ചു. തോൽവി സമ്മതിച്ച് മടങ്ങിപ്പോയി. പക്ഷേ,

15 ദിവസങ്ങൾ പിന്നിട്ടപ്പോൾ, അവസാനം, അവൻ എവറസ്റ്റിന്റെ ശിഖരത്ത് എത്തി സ്വപ്നനിമിഷം! ആകാശത്തെ സ്പർശിക്കുന്ന അതിരുകളിൽ നിന്ന് രാജു താഴേയ്ക്കു നോക്കി. ജയിച്ചിരിക്കുന്നു. മലയുടെ കൊടുമുടിയിൽ നിന്ന് രാജു ലോകം കാണാൻ കഴിവുള്ള അത്ഭുതക്കു നിമിഷം അവൻ അനുഭവിച്ചു. ആ വിജയത്തിന്റെ സന്തോഷം അവനു വാക്കുകളിൽ പറഞ്ഞറിയ കഴിയുന്നില്ല. ആ യാത്ര രാജുവിനെ ജീവിതത്തിൽ കൂടുതൽ ആത്മവിശ്വാസവും കരുത്തും നൽക ഏതു ബുദ്ധിമുട്ടുകളെയും അഭിമുഖീകരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു.

88. രാജുവിൻറെ സ്വപ്നം എന്തായിരുന്നു?

A) പാരഗ്ലൈഡിങ്

B) എവറസ്റ്റ് കയറുക

C) നീന്തൽ മത്സരം

D) വിനോദയാത്ര

89. രാജുവിന് എവറസ്റ്റ് കയറുമ്പോൾ എതിർക്കേണ്ട ഏറ്റവും വലിയ വെല്ലുവിളി എന്തായിരുന്നു?

A)മഴ

B)തണുപ്പ്

C)പ്രാണവായുവിന്റെ കുറവ്

D)സ്നേഹിതരുടെ അഭാവം

90. എത്ര ദിവസത്തിന് ശേഷം രാജു എവറസ്റ്റിന്റെ ശിഖരത്തിൽ എത്തി?

A) 10

B) 5

C) 20

D) 15

91. കയറ്റത്തിൻറെ ഇടയിൽ ചില കൂട്ടുകാർ എന്ത് ചെയ്തു?

A) മടങ്ങി പോയി

B) രാജുവിനെ സഹായിച്ചു

C) രാജുവിനൊപ്പം എത്തി

D) മരുഭൂമിയിൽ പോയി

92. രാജു എവറസ്റ്റിന്റെ ശിഖരത്തിൽ എത്തിയത് അവനിൽ എന്ത് മാറ്റം വരുത്തി?

A) സ്വർഗ്ഗം കാണാൻ ശ്രമിച്ചു

B) ഭയവും ദുരിതവും

C) ആത്മവിശ്വാസവും കരുത്തും

D) ശാരീരിക ക്ഷീണം

സെറ്റ് 3

ഒരു ചെറിയ ഗ്രാമത്തിൽ രാമു എന്ന ഒരു ചെറുപ്പക്കാരൻ ജീവിച്ചിരുന്നു. രാമു ഒരു വലിയ കർഷകൻ ആയിരുന്നു. അദ്ദേഹം സ്വന്തം തോട്ടത്തിൽ ഏറ്റവും മികച്ച പഴങ്ങൾ വളർത്തിയിരുന്നു. എന്നാൽ, കഴിഞ്ഞ കുറേ മാസങ്ങളായി മഴ പെയ്യാത്തതിനാൽ, കൃഷി നന്നായില്ല. തന്റെ കൃഷി തകരയുകയാണെന്ന ഭയത്താൽ അവൻ സങ്കടത്തിൽ ആയിരുന്നു.

ഒരു ദിവസം, രാമു തന്റെ തോട്ടത്തിൽ ചെന്നപ്പോൾ, പച്ചക്കറികൾ കരിഞ്ഞു നിൽക്കുന്നത് കണ്ടു. കാഞ്ഞിരത്തിലേക്കു നോക്കിയപ്പോൾ, ഇടയിൽ ഒരു മയിലിനെ കണ്ടു. മയിലിന്റെ നിറം അവനെ ആകർഷിച്ചു. മയിൽക്കുഞ്ഞിന് ഭക്ഷണമുണ്ടാക്കുന്ന തിരക്കിലായിരുന്നു.

"എങ്ങനെ നിനക്ക് ഭക്ഷണം ലഭിക്കുന്നു?' രാമു ചോദിച്ചു. മയിൽ അവന് മറുപടി നൽകി, 'ഞാൻ പ്രകൃതിയിൽ നിന്നു തന്നെ ഭക്ഷണം കണ്ടെത്തുന്നു. നിന്റെ കൃഷിയിൽ നിന്നുമാണ് എന്റെ അന്നത്തിന് ?.

രാമുവിന് ആ മയിലിനെ കണ്ടപ്പോൾ മനസ്സിലായി, 'ഞാനൊരു കർഷകൻ മാത്രമല്ല, പ്രകൃതിയോടും ജീവികളോടും ബന്ധം പുലർത്തേണ്ടതുണ്ട്.'

അന്ന് മുതൽ, രാമു മഴ വരണമെന്ന പ്രത്യാശയിൽ കാത്തിരുന്നില്ല, മണ്ണും ജലവും സംരക്ഷിക്കാൻ ഒരു ശ്രമം തുടങ്ങി. ആകെയുള്ള മലകൾ, നദികൾ, കാടുകൾ എല്ലാം

ഒരു കുടുംബം പോലെ കണ്ട് പരിരക്ഷിക്കാൻ ശ്രമിച്ചു.

കാലം കഴിഞ്ഞപ്പോൾ, രാമുവിന്റെ കൃഷി വീണ്ടും സമൃദ്ധമായി പഴവും കായ്ക്കലും കൃഷിയുമായി മാറി.

93. രാമു എവിടെ ജീവിക്കുന്നു?

A) പട്ടണത്തിൽ

B) നഗരത്തിൽ

C) ഗ്രാമത്തിൽ

D) കടലിൽ

94. രാമുവിന്റെ കൃഷി എന്തുകൊണ്ട് നശിച്ചു?

A) മഴക്കുറവിനാൽ

B) മനുഷ്യരുടെ ഇടപെടൽ

C) വന്യജീവികളുടെ ആക്രമണം

D) കാളയുടെ ആക്രമണം

95. രാമു എന്താണ് തന്റെ കൃഷിയിൽ നിന്ന് പഠിച്ചത്?

A) ജീവികളുടെ സംരക്ഷണം പ്രകൃതിയിലുള്ള എല്ലാ വസ്തുവിനെയും

B) മരങ്ങൾ മാത്രം സംജി ഒരു കുടുംബം പോലെ കണ്ടു. ???.

C) കൃഷി മാത്രമേ സരക്ഷിക്കാവു

D) സ്ഥലങ്ങൾ മാത്രം നിലനിർത്തുക.

96. മയിലിന്റെ സംസാരത്തിൽ എന്തായിരുന്നു പ്രധാന സന്ദേശം?

A) പ്രകൃതിയിൽ നിന്ന് ഭക്ഷണം കണ്ടെത്തേണ്ടതിന്റെ പ്രാധാന്യം

B) പറക്കാനുള്ള കഴിവ്

C) കളി കൂടുതൽ നല്ലതാണ്

D) പാട്ടുകൾ പറയുന്നത്

97. രാമുവിന്റെ കൃഷി എങ്ങനെ മാറി?

A) നശിച്ചുപോയി

B) സമൃദ്ധമായി പഴവും കായ്യലുമായി

C) കറുത്ത വൃക്ഷങ്ങൾ

D) കേടായി പോയി

താഴെ തന്നിരിക്കുന്ന കവിത വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

**മധുരം മലയാളം**

മധുരം മലയാളം - നമ്മുടെ

ഹൃദയം മലയാളം
മണ്ണിൽ ഗന്ധം മലയാളം
പുഴയുടെ താളം മലയാളം
കിളുന്ന ചുണ്ടുകളാദ്യമോതി
അമ്മ മലയാളം
സ്നേഹത്തിൻ പുതുനാമ്പുകളായി
നമ്മുടെ മലയാളം
കാറ്റിലാടും തെങ്ങോലകളുടെ
താളം മലയാളം
കാട്ടാറിന്റെ കള-കള നാദം
നമ്മുടെ മലയാളം
വയലേലകളുടെ വിയർപ്പുഗന്ധം
നമ്മുടെ മലായളം
പണിശാലകളിലെ നെടുവീർപ്പിന്റെ
താളം മലയാളം - മധുരം മലയാളം

സി.ഇ. രവീന്ദ്രൻ

98. വയലേലകളുടെ വിയർപ്പു ഗന്ധം നമ്മുടെ മലയാളം വരിയിൽ പ്രകടമാകുന്നത്.

A) ഭാഷയും പ്രകൃതിയുമായുള്ള ബന്ധം
B) ഭാഷയും അധ്വാനവും തമ്മിലുള്ള ബന്ധം
C) ഭാഷയും വയലും തമ്മിലുള്ള ബന്ധം
D) ഭാഷയും ഹൃദയവും തമ്മിലുള്ള ബന്ധം

99. മലയാളം നമ്മുടെ ജീവനാണ് എന്ന് സൂചിപ്പിക്കാൻ കവി ഉപയോഗിച്ച വാക്കേത്?

A) ഹൃദയം
B) പുഴ
C) മണ്ണ്
D) കാറ്റ്

100. കാട്ടാറിന്റെ കള-കള നാധം നമ്മുടെ മലയാളം എന്ന വരികൊണ്ട് ഉദ്ദേശിക്കുന്നത്?

A) മലയാള ഭാഷ കാട്ടിലാണ് ജനിച്ചത്
B) മലയാള കവിതകൾ കൂടുതലും കാട്ടാറുകളെക്കുറിച്ചാണ്.
C) മലയാള ഭാഷ പുഴയൊഴുകും പോലെ സംഗീതാത്മകമാണ്.
D) മലയാള ഭാഷ കാറ്റിലാടുന്ന തെങ്ങോലകളെപ്പോലെയാണ്.

101. കിളിന്നു ചുണ്ടുകളാദ്യമോതി അമ്മ മലയാളം എന്ന വരി നമ്മോട് പറയുന്നത്.

A) കുട്ടി ആദ്യം പറഞ്ഞത് മലയാളം എന്ന വാക്കാണ്.

B) മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച്

C) കുട്ടികൾ മാത്രമാണ് അമ്മയെക്കുറിച്ച് സംസാരിക്കുന്നത്.

D) അമ്മയുടെ സ്നേഹമാണ് മലയാളം

102. ജോലി ചെയ്യുന്ന സ്ഥലം എന്നതുമായി ബന്ധമില്ലാത്ത പദം ഏതാണ്?

A) നെടുവീർപ്പ്

B) പണിശാല

C) വയലേല

D) പണിപ്പുര

താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക

ബ്രിട്ടിഷുകാർ കേരളത്തിൽ സ്വാധീനമുറപ്പിച്ചതുമുതൽ കേരളം, തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നായി തിരിഞ്ഞുകിടക്കുകയായിരുന്നു. മലബാർ പ്രദേശം ബ്രിട്ടീഷുകാരുടെ നേരിട്ടുള്ള ഭരണത്തിനു കീഴിലായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും നാട്ടുരാജാക്കന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു. 1947 ൽ ഇന്ത്യ സ്വതന്ത്രയായതിനുശേഷം ഐക്യകേരളത്തിനുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടു. ഇതേതുടർന്ന് 1956 നവംബർ ഒന്നിനാണ് മലയാളം പ്രധാനഭാഷയായ പ്രദേശങ്ങളെല്ലാം കൂട്ടിച്ചേർത്തുകൊണ്ട് കേരളം എന്ന സംസ്ഥാനവും രൂപീകരിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ നവംബർ 1 കേരളപ്പിറവി ദിനമായി ആചരിക്കുന്നു.

103. കേരളപ്പിറവി ദിനമായി ആചരിക്കുന്നത് ഏതിന്റെ അടിസ്ഥാനത്തിലാണ്?

A) സംസ്ക്കാരം

B) ഭാഷ

C) കല

104. മലബാർ പ്രദേശം ഏതു സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു.

A) മദിരാശി

B) തിരുവിതാംകൂർ

C) കൊച്ചി

105. തിരുവിതാംകൂളിലും ആരുടെ ഭരണത്തിൻ കീഴിലായിരുന്നു ഭരിച്ചിരുന്നത്.

A) ബ്രിട്ടിഷുകാർ

B) ദിവാന്മാരുടെ

C) നാട്ടുരാജാക്കന്മാർ

106. കേരളസംസ്ഥാനം രൂപം കൊണ്ട് വർഷം

A) നവംബർ – 1, 1956

B) നവംബർ - 1, 1958

C) നവംബർ - 1, 1952

107. ഇന്ത്യ സ്വതന്ത്രയായതിനുശേഷം നടന്ന പ്രക്ഷോഭങ്ങൾ എന്തിനു വേണ്ടിയായിരുന്നു.

A) ഐക്യകേരളത്തിന്

B) നാട്ടുരാജാക്കന്മാരുടെ ഭരണത്തിന്

C) ജാതിഭേദത്തിന് എതിരെ

108. ലവണം എന്ന പദത്തിനർത്ഥം

A) മഞ്ഞ്

B) സൂര്യൻ

C) ഉപ്പ്

D) മണ്ണ്

109. ആധുനിക കവിത്രയത്തിൽ ഉൾപ്പെടുന്ന ആൾ

A) കുമാരനാശൻ

B) കേശവദേവ്

C) ഉള്ളൂർ

D) വള്ളത്തോൾ

110. കേരളഗാനം രചിച്ചത് ആര്?

A) സച്ചിദാനന്ദൻ

B) ജി. കുമാരപിള്ള

C) കെ.റ്റി. മുഹമ്മദ്

D) ബോധേശ്വരൻ

111. കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലം

A) പറവൂർ

B) കിള്ളിക്കുറിശ്ശി മംഗലം

C) തകഴി

D) കോഴിക്കോട്

112. കേരളാകലാമണ്ഡലം സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത്

A) വള്ളത്തോൾ

B) ഒ.എൻ.വി.

C) പി.കേശദേവ്

D) ബഷീർ

113. പോക്കുവെയിൽ ആരുടെ കൃതിയാണ്

A) ബാലാമണിയമ്മ

B) പി. വത്സല

C) കുമാരനാശാൻ

D) ഉള്ളൂർ

114. നീളത്തിൽ എന്ന പദം പിരിച്ചെഴുതുക.

A) നീളം + ഇൽ

B) നീളം + ഇൽ

C) നീ + ഇൽ

D) നീൾ + തീൽ

115. ജ്യോതിസ് എന്ന പദത്തിന്റെ വിപരീതപദം

A) മനസ്സ്

B) പ്രകാശം

C) തമസ്സ്

D) ഓജസ്

116. പപ്പു എന്ന കഥാപാത്രം പി.കേശവദേവന്റെ ഏത് കൃതിയിലേതാണ്?

A) ചെമ്മീൻ

B) ഓടയിൽനിന്ന്

C) അയൽക്കാർ

D) നദി

117. പൊറാട്ടുനാടകം എന്ന വിഭാഗത്തിൽപെടാത്തത് ഏത്?

A) മാപ്പിളപൊറാട്ട്

B) ശീതങ്കം തുള്ളൽ

C) തെലുങ്കുചെട്ടി

D) കുറവൻ പൊറാട്ട്

118. വേദിയിൽ അവതരിപ്പിക്കുന്ന കലാരൂപം?

A) ഭരതനാട്യം

B) കഥകളി

C) പടയണി

D) ചാക്യാർകൂത്ത്

119. സ്വച്ഛം എന്ന പദത്തിന്റെ അർത്ഥം ?

A) കൂട്ടം

B) നിർമ്മലമായത്

C) കോപിക്കുക

D) തകർന്നത്

120. കുതിരവണ്ടിയുടെ മറ്റൊരു പേര്

A) പ്ലഷർ കാർ

B) റിക്ഷ

C) ജഡ്ക്ക

D) കാളവണ്ടി

121. ഹിംസ് എന്ന പദത്തിന്റെ വിപരീതപദം?

A) നീളം + ഇൽ

B) നീളം + ഇൽ

C) നീ + ഇൽ

D) നീൾ + തീൽ

122. വിഗ്രഹിച്ചെഴുതുക- നാദതരംഗം

A) നാദം പോലുള്ള തരംഗം

B) നാദത്താലുള്ള തരംഗം

C) നാദത്തിന്റെ തരംഗം

D) നാദവും തരംഗം

ഖണ്ഡിക വായിച്ച് 1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ചാക്രികമായി പുനരുജ്ജീവിപ്പിക്കുകയോ അല്ലെങ്കിൽ വീണ്ടും ജനിക്കുകയോ ചെയ്യുന്ന അനശ്വരപക്ഷിയാണ് ഫീനിക്സ്. ഈജിപ്ഷ്യൻ ഗ്രീക്ക്, ജപ്പാനീസ്, ഇറ്റാലിയൻ, പേർഷൻ പുരണാങ്ങളിലും ഐതിഹ്യങ്ങളിലും പരാമർശിക്കപ്പെട്ട പക്ഷിയാണ് ഫീസിക്സ് പക്ഷി പുനരുത്ഥാനത്തിന്റെയും ഐശ്വര്യത്തിന്റെയും സമ്പത്തിന്റെയും പ്രതീകമാണ് ഈ പക്ഷം.

ഈജിപഷ്യൻ ഐതിഹ്യങ്ങൾ പ്രകാരം 500 വർഷത്തോളം ആയുസുള്ള ചാരത്തിൽ നിന്നും മഹത്വത്തോടെ പറന്നുയരുന്ന അത്ഭുത ജീവി ആയിരത്തി നാനൂറ്റി അറുപതുവർഷത്തെ ഇടവേളകളിലാണ് ഇത് കാണപ്പെടുന്നതെന്ന്ചിലർ കരുതുന്നു. നേർത്ത കാലുകളുള്ള കഴുകന് സമാനമായതും ആകർഷകമായ ചിറകുള്ളതും, ഉയരുന്ന സൂര്യനോടും തീയോടും ബന്ധപ്പെട്ട നിറങ്ങൾ, ചുവപ്പ്, ധൂമ്രനൂൽ, മഞ്ഞനിറങ്ങളിൽ ഇത് കാണപ്പെടുന്നു. കഴുത്തിൽ തിളക്കമുള്ള തൂവലുകൾ ഉണ്ട്, ശരീരത്തിന്റെ ബാക്കി ഭാഗങ്ങൾ ധൂമ്രവസ്ത്രമാണ്. നീലനിറത്തിലുള്ള വാൽ ഒഴികെ നീളമുള്ള തൂവലുകൾ പിങ്ക് കലർമ്മ നിറത്താൽ വിഭജിച്ചിരിക്കുന്നു. തൊണ്ട ഒരു ചിഹ്നത്താൽ അലങ്കരിച്ചിരിക്കുന്നു. മിക്ക ചിത്രങ്ങളിലും നീലകണ്ണുകളും നീലക്കല്ലുകൾ പോലെ തിളങ്ങുന്നു.

ഇന്ത്യയിലെ അശോകചക്രവർത്തിയുടെ കലിംഗ യുദ്ധ വിജയത്തിനും ഒരു ഫീനിക്സ് കല പറയാനുണ്ട്. കലിംഗ യുദ്ധത്തിന്റെ വിജയത്തിനായി തന്റെ സമകാലികനായിരുന്ന ചൈനീസ് ജിൻ രാജവംശത്തിലെ ഒരു രാജാവിൽ നിന്നും അശോക ചക്രവർത്തി വിജയത്തിന്റെ പ്രതീകമായ ഫീനിക്സിന്റെ ചിത്രം വരുത്തിയിരുന്നു എന്ന കഥയാണ് അശോക ചക്രവർത്തിയായും ഫീനികസിനെയും ബന്ധിപ്പിക്കുന്നത്.

മരണമില്ലാത്ത ഫീനിക്സ് പക്ഷി വിജയവും പ്രശസ്തയും അംഗീകാരവും നേടിത്തരുമെന്നാണ് ചൈനീസ് വിശ്വാസം. പുരാതനകാലത്ത് ചൈനീസ് രാജവംശത്തിലുള്ളവർക്ക് മാത്രമോ ഫീനിക്സ് പക്ഷിയുടെ ചിഹ്നങ്ങൾ ധരിക്കാൻ അവകാശമുണ്ടായിരുന്നുള്ളു.

123. ഈജിപ്ഷ്യൻ ഐതിഹ്യങ്ങൾ പ്രകാരം ഏത് വസ്തുവിൽ നിന്നും മഹത്വത്തോടെ പറന്നുയരുന്ന പക്ഷിയാണ് ഫീനിക്സ്?

A) മാംസം

B) രക്തം

C) ചാരം

D) എല്ല്

124. ഇന്ത്യയിലെ ഏത് ചക്രവർത്തിയുമായാണ് ഫീനിക്സ കഥ ബന്ധപ്പെട്ടിരികുകന്നുത്.?

A) അക്ബർ ചക്രവർത്തി

B) അശോക ചക്രവർത്തി

C) അശോകചക്രവർത്തിയും അകബ്ർ ചക്രവർത്തിയും

D) ഇവരൊന്നുമല്ല

125. ഏത് പുരാണങ്ങളിലാണ് ഫീനിക്സ് പക്ഷിയെക്കുറിച്ച് പരാമർശിക്കാത്തത്?

A) ഈജിപ്ഷ്യൻ

B) ഗ്രീക്ക്

C) ജാപ്പനീസ്

D) ഇന്ത്യൻ

126. ഒരേ കാലത്തിലുള്ളൻ എന്ന് അർത്ഥം വരുന്ന പദം ഏത്?

A) സഹചാരി

B) സമയോചിതൻ

C) സമചിത്തൻ

D) സമകാലികൻ

127. ഫീനിക്സ് പക്ഷി എന്തിന്റെ പ്രതീകമാണ്?

A) ദുഃഖത്തിന്റെ

B) പരാജയത്തിന്റെ

C) വിജയത്തിന്റെ

D) കഴിവിന്റെ

127. താഴെപ്പറയുന്നവയിൽ ശരിയായി എഴുതിയ പദം ഏത്?

A) ജ്യേഷ്ഠൻ

B) ജ്യേഷ്ടൻ

C) ജേഷ്ഠൻ

D) ജേഷ്ടൻ

128. ഒന്നിനു പോയി രണ്ടു കാര്യം സാധിക്കുക എന്ന ആശയം വരുന്ന ചൊല്ല്

A) ആടറിയുമോ അങ്ങാടി വാണിഭം

B) അങ്കവും കാണാം താളിയുമൊടിക്കാം

C) അത്താഴം മുടക്കാൻ നീർക്കോലി മതി

D) അടി കൊള്ളാൻ ചെണ്ട, പണം വാങ്ങാൻ മാരാർ

130. നിയന്ത്രിക്കാനാവത്തത് അനിയന്ത്രിതം എങ്കിൽ അപ്രതീക്ഷിതം എന്നതിന് അർഥം വരുന്നത്

A) പ്രതീക്ഷിക്കാത്തത്

B) പ്രതീക്ഷിക്കത്തത്

C) പ്രതീക്ഷിക്കാവുന്ന തരത്തിൽ

D) പ്രതീക്ഷയോടെയുള്ളത്

131. കേരള ശാകുന്തളം എന്നറിയപ്പെടുന്ന കൃതി

A) കണ്ണുനീർത്തുള്ളി

B) നളചരിതം ആട്ടക്കഥ

C) വീണപൂവ്

D) ജ്ഞാനപ്പാന

132. മലയാളത്തിലെ ആദ്യത്തെ മഹാകാവ്യം

A) ഉമാകേരളം

B) കേശവീയം

C) രാമചന്ദ്രവിലാസം

D) ചിത്രയോഗം

133. തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്

A) കുഞ്ചൻ നമ്പ്യാർ

B) എഴുത്തച്ഛൻ

C) ചെറുശ്ശേരി

D) രാമപുരത്തുവാര്യർ

134. കേരളകലാമണ്ഡലത്തിന്റെ സ്ഥാപകൻ ആര്?

A) മുകുന്ദരാജ

B) വള്ളത്തോൾ നാരായണമേനോൻ

C) നീലകണ്ഠനാശാൻ

D) ശങ്കരൻ എമ്പ്രാന്തിരി

135. നാന്ദി കുറിക്കുക എന്ന ശൈലി കൊണ്ട് അർഥമാക്കുന്നതെന്ത്?

A) നന്ദി പറയുക

B) അവസാനിപ്പിക്കുക

C) ആരംഭിക്കുക

D) എഴുതിവയ്ക്കുക.

136. ചത്തപോത്ത് കോലോടുത്താലോടും എന്ന കടങ്കഥയുടെ ഉത്തരം

A) നീർക്കുമിള

B) വള്ളം

C) കുട

D) തീവണ്ടി

137. ആധുനിക മലയാള ഭാഷയുടെ പിതാവായ എഴുത്തച്ഛന്റെ ജീവിതകാലം

A) 18-ാം നൂറ്റാണ്ട്

B) 17-ാം നൂറ്റാണ്ട്

C) 15-ാം നൂറ്റാണ്ട്

D) 16-ാം നൂറ്റാണ്ട്

138. നോക്കെടാ നമ്മുടെ മാർഗേ കിടക്കുന്ന മർക്കടാ! നീയങ്ങു മാറിക്കിടാ ശഠാ!

A) എഴുത്തച്ഛൻ

B) കുഞ്ചൻ നമ്പ്യാർ

C) വള്ളത്തോൾ

D) ചങ്ങമ്പുഴ

139. സരോജം എന്ന വാക്കിൻഫെ അർത്ഥം

A) താമരപ്പൂവ്

B) മുല്ലപ്പൂവ്

C) ചെമ്പരത്തിപ്പൂവ്

D) മുല്ലപ്പൂവ്

140. ഓടയിൽ നിന്ന് എന്ന നോവൽ എഴുതിയത്

A) എം.ടി. വാസുദേവൻ നായർ

B) പി.കേശവദേവ്

C) പൊൻകുന്നം വർക്കി

141. ലോകമാതൃഭാഷ ദിനം എന്നാണ്?

A) ഫെബ്രുവരി 8

B) ഫെബ്രുവരി 21

C) മാർച്ച് 21

D) ഏപ്രിൽ 21

142. മലയാളത്തിലെ ആദ്യത്തെ ശബ്ദചിത്രം

A) പടയോട്ടം

B) മൈഡിയർ കുട്ടിച്ചാത്തൻ

C) ബാലൻ

D) കണ്ടെവെച്ചക്കോട്ട്

താഴെകൊടുത്തിരിക്കുന്ന കഥ വായിക്കു.

സ്കൂൾ വിടാൻ അപ്പോഴും കുറച്ച് സമയം ബാക്കിയുണ്ടായിരുന്നു. എല്ലാ കുട്ടികളും കളിക്കുകയായിരുന്നു. രാജുവും അവരോടൊപ്പം കളിക്കാൻ ചെന്നു. പക്ഷേ ആരും അവനോടൊപ്പം കളിച്ചില്ലച അവന് സങ്കടമായി. കുറച്ച് സമയത്തിനകം ബെല്ലടിച്ചു. എല്ലാ കുട്ടികളും വീടുകളിലേക്ക് മടങ്ങി. രാജുവും വീട്ടിലെത്തി. അവ നൊന്നിലും ഒരു താല്പര്യവും തോന്നിയില്ല. സങ്കടപ്പെട്ടിരിക്കുവിവ രാജുവിനെ കണ്ട്

അമ്മ ചോദിച്ചു. നീ എന്താ വിഷമിച്ചിരിക്കുന്നത്? അവൻ പറഞ്ഞു. ആരും എന്നോടൊപ്പം കളിക്കുന്നില്ലമ്മേ. വിഷമിക്കേണ്ട നീ ആവശ്യപ്പെടാതിരുന്നിട്ടാവും അവർ നിന്നെ കൂട്ടാത്തത്. നാളെ നിന്നെയും കൂടെ കൂട്ടാൻ പറയും. അമ്മ പറഞ്ഞു. പിന്നേറ്റ് രാജു സ്കൂളിൽ ചെന്ന് കൂട്ടുകാരോടെ ചോദിച്ചു. എന്നെക്കൂടി നിങ്ങൾക്കൊപ്പം കളിക്കാൻ കൂട്ടാമോ? കൂട്ടുകാർ അവനെ കൈപിടിച്ച് മൈതാനത്തേക്ക് കൊണ്ടുപോയി അവനും അവരോടൊപ്പം കളിക്കാൻ തുടങ്ങി. അന്ന് അവൻ വളരെ സന്തോഷവാനായിരുന്നു.

143. ആരുമായിട്ടാണ് കുട്ടികൾ കളിക്കാതിരുന്നത്?

A) പാവ

B) രാജു

C) അമ്മ

D) ചിന്നു

144. എപ്പോഴാണ് കുട്ടികൾ വീട്ടിൽ പോയത്?

A) അവരുടെ അമ്മ വിളിച്ചപ്പോൾ

B) സ്കൂളിൽ ബെല്ലടിച്ചതിനു ശേഷം

C) അവരുടെ കളി കഴിഞ്ഞശേഷം

D) കൂട്ടുകാർ അവരോട് വരൻ പറഞ്ഞപ്പോൾ

145. പ്രശ്നം കേട്ടതിനു ശേഷം അമ്മ രാജുവിനെ...........

A) ശിക്ഷിച്ചു

B) ഉപദേശിച്ചു

C) സ്നേഹിച്ചു

D) പ്രശംസിച്ചു.

146. എന്തിനുവേണ്ടിയാണ് കൂട്ടുകാർ രാജുവിനെ കൈപിടിച്ച് കൂടെ കൊണ്ടുപോയത്.

A) അവന്റെയൊപ്പം കളിക്കാൻ

B) സ്കൂളിൽ നിന്ന് പറഞ്ഞയക്കാൻ

C) പഠിപ്പിക്കാൻ

D) ടീച്ചറുടെയടുത്ത് കൊണ്ടുപോകാൻ

147. അവൻ അന്ന് വളരെ <u>സന്തോഷവാനായിരുന്നു</u> അടിവരയിട്ട പദത്തിന്റെ വിപരീതപദം ?

A) വിരസതയുള്ളവനായിരുന്നു.

B) ഉല്ലാസവാനായിരുന്നു

C) രോഷാകുലനായിരുന്നു.

D) ദുഃഖിതനായിരുന്നു.

## <u>കാക്കാരിശ്ശിനാടകം</u>

കേരളത്തിലെ നാടോടികളായ കാക്കാലന്മാർ പരമ്പരാഗതമായ രീതി

യിൽ അവതരിപ്പിച്ചു വരുന്ന ആക്ഷേപഹാസ്യനാടകമാണ് കാക്കാരിശ്ശി. സംഗീതം, സംഭാഷണം, നൃത്തം, ആംഗീകാഭിനയം തുടങ്ങിയവ ഉൾച്ചേർന്ന കലാരൂപമാണ് കാക്കാരിശ്ശിനാടകം. മധ്യതിരുവിതാംകൂറിൽ പാണന്മാർ, കള്ളന്മാർ, എന്നിവരും, തെക്ക് ഈഴവരും, കുറവരുമാണ് ഇവ അവതരിപ്പിക്കുന്നത്. ശിവൻ, പാർവ്വതി, ഗംഗ തുടങ്ങിയ പുരാണ കഥാപാത്രങ്ങളെ അടിസ്ഥാനമാക്കിയാണ് നാടകങ്ങൾ അരങ്ങേറുന്നത്. ഈ കലാരൂപത്തിന്റെ ഉദ്ഭവം തമിഴ്നാട്ടിൽ നിന്നാണ്.

148. കാക്കാരിശ്ശിനാടകം അവതരിപ്പിക്കുന്നതാര്?

A) വേടന്മാർ

B) മലവേട്ടുവർ

C) കാക്കാലന്മാർ

D) വണ്ണാൻ

149. മധ്യതിരുവിതാംകൂറിൽ കാക്കാരിശ്ശിനാടകം അവതരിപ്പിക്കുന്നത് ആരേ?

A) നായന്മാരും, പാണന്മാരും

B) പാണന്മാർ, കമ്മാളന്മാർ

C) മലയന്മാർ, പാണന്മാർ

D) ചക്കാലർ, വണ്ണാന്മാർ

150. കാക്കാരിശ്ശി നാടകത്തിലെ കഥാപാത്രങ്ങൾ ആരെല്ലാം?

A) ശിവൻ, പാർവ്വതി, ഗണപതി

B) ശിവൻ, പാർവ്വതി, ഗംഗ

C) ശിവൻ, വിഷ്ണു, പാർവ്വതി

D) ശിവൻ, നാരദൻ, ഗംഗ

151. കാക്കാരിശ്ശി നാടകത്തിന്റെ ഉദ്ഭവ സ്ഥാം?

A) കേരളം

B) തമിഴ്നാട്

C) ആന്ധ്രാപ്രദേശം

D) കർണ്ണാടകം

152. കാക്കാരിശ്ശി നാടകത്തിന്റെ പ്രത്യേകത ?

A) ആക്ഷേപഹാസ്യ നാടകം

B) ചരിത്ര നാടകം

C) കുട്ടികളുടെ നാടകം

D) ഹാസ്യനാടകം

## ഓണം

കേരളത്തിന്റെ ദേശീയോത്സമാണ് ഓണം. ചിങ്ങമാസത്തിലെ തിരുവോണം നാളിലാണ് ഓണം ആഘോഷിക്കുന്നത്. കേരളം ഭരിച്ചിരുന്ന മഹാബലി ചക്രവർത്തിയടുടെ ഓർമ്മയ്ക്കാണ് ഓണം ആഘോഷിക്കുന്നത്. ഇത് വിളവെടിപ്പ് ഉത്സവം കൂടിയാണ്. ഓണത്തിന് സ്ത്രീകൾ തിരുവാതിര കളിക്കു, കന്യകമാർ

പൂവിടും, അത്തം മുതൽ ഒരുക്കങ്ങൾ ആരംഭിക്കും. അത്തം പത്തോണം എന്ന ചൊല്ല് പ്രസിദ്ധമാണ്. ഓണക്കോടി ഉടുത്തും, ഓണസദ്യ കഴിച്ചും ഊഞ്ഞാലാടിയും മലയാളികൾ ഓണാഘോഷം ഗംഭീരമാക്കുന്നു.

153. കേരളത്തിന്റെ ദേശീയോത്സവം ഏതാണ്?

A) വിഷു

B) ക്രിസ്തുമസ്

C) ഓണം

D) ദീപാവലി

154. ഓണം ഏത് മാസത്തിലാണ് ആഘോഷിക്കുന്നത്?

A) ചിങ്ങം

B) മേടം

C) വൃശ്ചികം

D) കർക്കടകം

155. ഏത് ചക്രവർത്തിയുടെ ഓർമ്മയാക്കാണ് ഓണം ആഘോഷിക്കുന്നത്?

A) അക്ബർ

B) ബാബർ

C) വിക്രമാദിത്യൻ

D) മഹാബലു

156. ഓണത്തിനുള്ള സ്ത്രീകളുടെ ഒരു വിനോദം?

A) തുമ്പിതുള്ളൽ

B) തിരുവാതിരകളി

C) ഒപ്പന

D) മോഹിനിയാട്ടം

157. 'അത്തം പത്തോണം' എന്ന ചൊല്ലകൊണ്ട് അർത്ഥമാക്കുന്നത്?

A) അത്തം മുതൽ തിരുവോണം വരെയുള്ള ആഘോഷത്തിന്റെ പ്രാധാന്യം

B) അത്തം നാളിലെ ആഘോഷം

C) ഓണം അത്തം വരെ

D) അത്തത്തിന്റെ പ്രാധാന്യം

നൽകിയിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

സൂര്യൻ ഏതാണ്ട് അസ്തമിച്ചു കഴിഞ്ഞു. ചാരു മാതാപിതാക്കളോട1പ്പം പാർക്കിലായിരുന്നു. ഒരു മരത്തിന് പിന്നിൽ ഒളിച്ചിരുന്ന നായക്കുട്ടിയെ ചാരു ശ്രദ്ധിച്ചു. അവൾ നായ്ക്കുട്ടിയുടെ അടുത്തേക്ക് പോകാൻ ശ്രമിച്ചു. എങ്കിലു അത് ഓടിപ്പോയി അവൾ അതിന്റെ പിന്നാലെ ഓടിയെങ്കിലും അത് ദുരത്തേക്ക് ഓടിപ്പോയി. ചാരു അല്പം ഭക്ഷണം എടുത്ത് നായക്കുട്ടിക്ക് നേരെ നീട്ടി. അത് അവളുടെ അടുത്തേക്ക് വന്നു. അതിന് വല്ലാതെ വിശക്കുന്നുണ്ടായിരുന്നു. കൊടുത്ത ഭക്ഷണമെല്ലാം അത് തിന്നു. ചാരു നായക്കുട്ടിക്ക് കുറച്ച് വെള്ളവും കൊടുത്തു. കുറച്ചുനേരം അവൾ നായക്കുട്ടിയുമായി കളിച്ചു. അപ്പോൾ അവളുടെ അച്ഛനും

അമ്മയും പറഞ്ഞു. ഇതിനെ നമുക്ക് വീട്ടിലേക്ക് കൊണ്ടുപോകാം. ചാരുവിന് വളരെ സന്തോഷമായി, ജീവികളെ പരിപാലിക്കുന്നത് എല്ലാവരെയും സന്തോഷിപ്പിക്കുന്നു എന്നത് സത്യമാണ്.

158. ഏതു സമയത്താണ് ചാരു പാർക്കിൽ ഉണ്ടായിരുന്നത്?

A) രാവിലെ

B) ഉച്ച കഴിഞ്ഞ്

C) വൈകുന്നേരം

D) രാത്രി

159. എന്തു കൊണ്ടാണ് ചാരു സന്തോഷിച്ചത്?

A) അവൾ പാർക്കിൽ ആയതുകൊണ്ട്.

B) നായക്കുട്ടിയെ വീട്ടിലേക്ക് കൊണ്ടുപോയതുകൊണ്ട്.

C) സൂര്യോതസമയം കാണാൻ കഴിഞ്ഞതിൽ

D) ഭക്ഷണം കഴിച്ചതിനാൽ

160. നായക്കുട്ടി ചാരുവിന് അടുത്തേക്ക് വന്നത് എപ്പോഴാണ്?

A) അതിന് ഭക്ഷണം നൽകിയപ്പോൾ

B) അതിനോടൊപ്പം കളിച്ചപ്പോൾ

C) മരത്തിന് പിന്നിൽ ഒളിച്ചപ്പോൾ

D) അതിന്റെ പിന്നാലെ ഓടിയപ്പോൾ

161. ഈ കഥയിൽ നിന്നും ചാരുവിനെ കുറിച്ച് നിങ്ങൾക്ക് എന്താണ് മനസ്സിലായത്?

A) ചാരുവിനെ പട്ടികളെ പേടിയാണ്

B) ചാരുവിന് പട്ടിഖലെ ഇഷ്ടമാണ്

C) ചാരു പട്ടികളെ വെറുക്കുന്നു

D) ചാരു അതിനുമുമ്പ് ഒരു പട്ടിയെ കണ്ടിരുന്നില്ല.

162. താഴെക്കൊടുത്ത വരിയിൽ നിന്നും ഈ കഥയ്ക്ക് ഏറ്റവും അനുയോജ്യമായ തലക്കെട്ട് കണ്ടെത്തുക?

A) പാർക്കിലെ സൂര്യാസ്തമനം

B) രക്ഷിതാക്കൾക്കൊപ്പമുള്ള ഒരു പുറം കാഴ്ച്ച

C) നായ്ക്കൾക്ക് എന്ത് ഭക്ഷണം കൊടുക്കാം.

D) മൃഗങ്ങൾക്ക് ഒരു കൈത്താങ്ങ്

## സെറ്റ് -2

താഴെ നൽകിയിരിക്കുന്ന ഭാഗം വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകാം.

സ്കൂൾ മതിലിന് വലിയ വിള്ളലുകൾ ഉണ്ടായിരുന്നു. പോരാത്തിതിന് അത് വൃത്തികേടായി കിടക്കുകയായിരുന്നു. അതിനാൽ ആറാം ക്ലാസിലെ ചില കുട്ടികൾ അത് പെയിന്റ് അടിക്കാൻ തീരുമാനിച്ചു. പക്ഷികളും പ്രാണികളും ഉള്ള ഒരു വലിയ പൂന്തോട്ടം മതിലിൽ വരയ്ക്കണം എന്നതായിരുന്നു മാധവിന്റെ ആഗ്ര

ഹം. ധാരാളം മൃഗങ്ങളുള്ള ഒരു വനം വരയ്ക്കാൻ ആഞ്ജലി ആഗ്രഹിച്ചു. വൈദ്യുതി ലാഭിക്കുന്നതിനെക്കുറിച്ചുള്ള വ്യത്യസ്തമായ പോസ്റ്റർ വരയ്ക്കാനായിരുന്നു ഫാത്തിമയ്ക്ക് താല്പര്യം. ക്ലാസ്മുറിയിലെ എല്ലാവരുടേയും ഛായചിത്രം മതിലിൽ വരയ്ക്കണം എന്നതായിരുന്നു മാത്യുവിന്റെ ആഗ്രഹം. എല്ലാവരും അവരവരുചെ വാദത്തിൽ ഉറച്ചുനിന്നു. പരസ്പരം വഴക്ക് തുടങ്ങി. അപ്പോഴാണ് ക്ലാസ് മുറിയുടെ വാതിൽ അവർ ടീച്ചറിനെ കണ്ടത്. ടീച്ചർ വഴക്കിന്റെ കാരണം ചോദിച്ചറിഞ്ഞിട്ട് പുതിയൊരു ആശയം മുന്നോട്ടു വച്ചു. മതിലിനെ തുല്യഭാഗങ്ങളായി വിഭജിക്കുക. ഓരോ ഭാഗങ്ങളും വരയ്ക്കുന്ന ചിത്രങ്ങൾ വ്യത്യിസ്ത കഥകൾ പറയട്ടെ. എല്ലാവർക്കും സന്തോഷമായി.

163. എവിടെ പെയിന്റ് ചെയ്യാനാണ് കുട്ടികൾ ആഗ്രഹിച്ചത്?
   A) സ്കൂൾ ഗേറ്റിൽ
   B) സ്കൂൾ മതിലിൽ
   C) ക്ലാസിന്റെ വാതിലിൽ
   D) ക്ലാസ് ചുവരിൽ

164. പ്രകൃതിയിലെ കാഴ്ചകൾ വരയ്ക്കണം എന്ന് ആഗ്രഹിച്ചതാര്>
   A) മാധവും അഞ്ജലിയും
   B) മാധവും ഫാത്തിമയും
   C) മാത്യവും മാധവും
   D) മാത്യവും ഫാത്തിമയും

165. എന്തിനാണ് കുട്ടികൾ വഴക്കിട്ടത്?
   A) മതിലിൽ ചിത്രം വരയ്ക്കാൻ ഇഷ്ടമില്ലാത്തതിനാൽ
   B) ഓരോരുത്തർക്കും വ്യത്യസ്തമായ കാര്യങ്ങൾ ചുവരിൽ വരയ്ക്കാൻ ആഗ്രഹമുള്ളതിനാൽ
   C) ഏതു മതിലിലാണ ചിത്രം വരയ്ക്കേണ്ടതെന്ന് തീരുമാനമെടുക്കാൻ കഴിയാത്തതുകൊണ്ട്
   D) അതിൽ വീണ്ടും വൃത്തികേട് ആയതിനാൽ

166. അഭിപ്രായങ്ങൾക്ക് അനുസരിച്ച് മതിലിനെ എത്ര ഭാഗങ്ങളാക്കി വിഭജിക്കണം?
   A) ഒന്ന്
   B) രണ്ട്
   C) മൂന്ന്
   D) നാല്

167. ഈ കഥ എങ്ങനെ അവസാനിക്കും എന്നാണ് നിങ്ങൾ കരുതുന്നത്?
   A) മതിലിൽ ചിത്രം വരയ്ക്കുന്നത് സംബന്ധിച്ച് കുട്ടികൾ തർക്കം തുടരും
   B) സ്കൂൾ മതിലിൽ വ്യത്യസ്തങ്ങളായ ചിത്രങ്ങൾ നിറഞ്ഞു കാണും.
   C) സ്കൂൾ മതിലിൽ സർക്കസിന്റെ ചിത്രം വരച്ച്.
   D) വിള്ളലും വൃത്തികേടും നിറഞ്ഞ മതിൽ തുടർന്നും കാണാം.

## സെറ്റ് - 3

താഴെ തന്നിരിക്കുന്ന ഭാഗം വരച്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുക.

കരയിലെ ഏറ്റവും വലിയ മൃഗത്തെക്കുറിച്ച് ഇന്നലെ ഞാൻ മനസ്സിലാക്കി അതെ, ആനകൾക്ക് 70 വർഷം വരെ ജീവിക്കാൻ കഴിയു. അവരുടെ തുമ്പിക്കൈ പ്രധാനപ്പെട്ടതാണ്. അത് സ്വയം ബക്ഷണം കഴിക്കാൻ ഉപയോഗിക്കുന്ന തുമ്പക്കൈ കൊണ്ടാണ്. ആനകൾക്ക് വസ്തുക്കളെ ഉയർത്താനം ചലിപ്പിക്കാനും സഹായിക്കുന്നു കൊമ്പുകൾ ഉണ്ട്. അത് ഉപയോഗിച്ച് മറ്റു മൃഗങ്ങളുമായി വഴക്കുണ്ടാക്കുകയും ചെയ്യും. ആനക്കൊമ്പ് ഉപയോഗിച്ചുകൊണ്ട് ആഭരണങ്ങളും മറ്റും ആളുകൾ ഇഷ്ടപ്പെടുന്നു. ഈ സവിഷേശത കാരണം ആനകൾ വേട്ടയാടപ്പെടുന്നു. ആനകൾക്ക് 18 മണിക്കൂർ വരെ ഭക്ഷണം കഴിക്കാൻ കഴിയുമെന്ന് നിങ്ങൾക്കറിയാമോ. അവ വളരെ വലുതായതിനാൽ ധാരാളം ഭക്ഷണം ആവശ്യമാണ്.

168. ആനകളെ വേട്ടയാടുന്നത് എന്തിനാണ്?

A) ചെവികൾ എടുക്കാൻ

B) കൊമ്പുകൾ എടുക്കാൻ

C) തുമ്പിക്കൈ എടുക്കാൻ

D) തോലെടുക്കാൻ

169. ആന തുമ്പിക്കൈ എന്തിനൊക്കം വേണ്ടി ഉപയോഗിക്കും.

A) മറ്റുള്ള മൃഗങ്ങളിൽ നിന്ന് സ്വയം രക്ഷിക്കാൻ

B) സ്വയം ഭക്ഷണം കഴിക്കാൻ

C) മറ്റ് ആനകളുമായി സംഭാഷണത്തിൽ ഏർപ്പെടാൻ

D) ദിവസം 18 മണിക്കൂറോളം ഭക്ഷണം കഴിക്കാൻ

170. വായിച്ച് ഖണ്ഡികയിലെ വിവരം അനുസരിച്ച് ശരിയായ വാക്യം തിരഞ്ഞെടുക്കുക.

A) ആനകൾ കരയിലെ ഏറ്റവും നീളം കൂടിയ മൃഗമാണ്.

B) ആനയ്ക്ക് ഭക്ഷണം കുറച്ച് മതി.

C) ആന അനവധി കാലം ജീവിച്ചിരിക്കുന്നു.

D) ആന കുറച്ചു കാലമേ ജീവിച്ചിരിക്കുന്നുള്ളു.

171. ഈ ഖണ്ഡിക താഴെപ്പറയുന്നവരിൽ എന്തിനെ ക്കുറിച്ച് പറയാത്തത്?

A) ആനകളുടെ സവിഷേശതകൾ വിവരിക്കുന്നത്

B) മൃഗശാലകൾ സന്ദർശിക്കാൻ ആളുകളെ പ്രേരിപ്പിക്കുന്നതിന്

C) ആനക്കൊമ്പിൽ നിന്നും ആഭരണങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ച് പറയുന്നതിന്

D) ആനകളുടെ ആരോഗ്യകരമായ ഭക്ഷണത്തെക്കുറിച്ച് പറയുന്നതിന്

172. ആനകളുടെ ചില പ്രത്യേകതകളാണ് ഈ വിവരത്തിൽ എചുത്തു പറയാത്തത്?

A) കണ്ണുകളും ചെവികളും

B) വഴക്ക് കൂടുന്ന സ്വഭാവം

C) വലിയ ഭാരം ഉയർത്താനുള്ള ശേഷി

D) തുമ്പിക്കൈ, കൊമ്പ്

ഗദ്യഭാഗം വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഏതൊരു രാജ്യത്തിന്റെയും വികസനത്തിന്റെ രഹസ്യം അവിടുത്തെ ജനങ്ങളുടെ ഉത്സാഹവും കർമ്മ ശേഷിയുമാണ്. അത്തരമൊരു രാഷ്ട്രത്തിൽ കായിക വിനോദങ്ങൾക്ക് മറ്റെന്തിനേക്കാളും പ്രാധാന്യം നൽകിയരിക്കും. ആരോഗ്യ ശരീരത്തിൽ ആരോഗ്യമനസ് എന്ന ആദർശമാണ് ആധുനിക കാലത്ത് എല്ലാ രാജ്യങ്ങളും പിന്തുടരുന്നത്. എല്ലാ മേഖലകളിലും പ്രത്യേകിച്ച് ആരോഗ്യ പൂർണമായ ഒരു ജനതയെ വാർത്തെടുക്കുന്ന കാര്യത്തിൽ ഏഷ്യൻ രാജ്യങ്ങൾ ശ്രദ്ധ പുലർത്തി അതിന്റെ തുടക്കമാണ് ആദ്യത്തെ ഏഷ്യാഡ്.1951 മാർച്ച് നാലാം തീയതി ഡൽഹിയിൽ ആണ് പ്രഥമ ഏഷ്യാഡ് അരങ്ങേറിയത്. അന്നത്തെ ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ. രാജേന്ദ്ര പ്രസാദാണ് ആദ്യ ഏഷ്യാഡിന് തിരി കൊളുത്തിയത്. പതിനൊന്നു രാജ്യങ്ങൾ അതിൽ പങ്കെടുത്തു. ഏഷ്യായിലെ ജനങ്ങളെയെല്ലാം ഒരു കുടക്കീഴിൽ അണിനിരത്താനും ഭാശ, വേഷം, സംസ്ക്കാരം എന്നിവയുടെ അതിർവരമ്പുകൾ മറികടന്ന് അവരെ ഒന്നിപ്പിക്കുന്ന ഒരു വേദിയൊരുക്കാനും ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു.

173. ഏഷ്യൻ രാജ്യങ്ങൾ എന്ത് കാര്യത്തിലാണ് ശ്രദ്ധ പുലർത്തിയത്?

A) ആരോഗ്യപൂർണ്ണമായ ഒരു ജനതയെ വാർത്തെടുക്കുക.

B) ജനങ്ങളുടെ ഉത്സാഹത്തെ

C) കായിക വിനോദങ്ങൾക്ക്

D) ജനങ്ങളുടെ കർമ്മശേഷിയെ

174. ഏതൊരു രാജ്യത്തിന്റെയും വികസനത്തിന്റെയും രഹസ്യം എന്താണ്?

A) ജനങ്ങളുടെ ജീവിതരീതി

B) ജനങ്ങളുടെ ഉത്സാഹവും കർമ്മശേഷിയും

C) ജനങ്ങളുടെ ഉത്സാഹം

D) ഇവയൊന്നുമല്ല

175. പ്രഥമ ഏഷ്യാഡ് അരങ്ങേറിയത് എന്ന്. എവിടെ?

A) 1972 ഏപ്രിൽ ഏഴാം തീയതി ഗോവയിൽ

B) 1931 മാർച്ച് നാലാം തീയതി ഡൽഹിയിൽ

C) 1951 മാർച്ച് നാലാം തീയതി ഡൽഹിയിൽ

D) 1982 മാർച്ച് എട്ടാം തീയതി പഞ്ചാബിൽ

176. ആധുനിക കാലത്ത് എല്ലാ രാജ്യങ്ങളും പിൻതുടരുന്നതെന്താണ്.?

A) ഉത്സാഹവും കർമ്മശേഷിയും

B) ആരോഗ്യ ശരീരത്തിൽ ആരോഗ്യമനസ്സ്

C) കർമ്മശേഷി മാത്രം

D) ഇവയൊന്നുമല്ല

177. എന്തിനെല്ലാം ഏഷ്യൻ ഗെയിംസിനു കഴിഞ്ഞു.

A) ഭാഷ, വേഷം, സംസ്കാരം ഇവയുടെ അതിർവരമ്പുകൾ മറി കടക്കാൻ

B) ഏഷ്യൻ ജനതയെ ഒന്നിപ്പിക്കുന്ന വേദിയൊരുക്കാൻ

C) ഭാഷയെ ഒന്നിപ്പിക്കാൻ

D) ആരോഗ്യ പൂർണ്ണമായ ഒരു ജനതയെ വാർത്തെടുക്കാൻ

താഴെ തന്നിരിക്കുന്നവയിൽ നിന്ന് ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതിക

178. ഓടയിൽ നിന്ന് എന്ന നോവലിലെ പ്രധാന കഥാപാത്രം ആരാണ്?

A) ലക്ഷ്മി

B) കല്യാണി

C) പപ്പു

D) യാത്രക്കാരൻ

179. കിട്ടാത്ത ശലഭത്തെ തേടി കാട്ടിനുള്ളിൽ അകപ്പെട്ടു എന്നു വൃദ്ധ പറയുന്നതിന്റെ പൊരുളെന്ത്?

A) ശലഭങ്ങൾ ഉള്ളതുകൊണ്ട്

B) ക്രൂര ജന്തുക്കൾ ഉള്ളതുകൊണ്ട്

C) മരങ്ങൾ ഉള്ളതുകൊണ്ട്

D) വഴികൾ ഇല്ലാത്തതുകൊണ്ട്

180. എസ്.എൽ.വി. 3 ഉപഗ്രഹ വിക്ഷേപണ വേളയിൽ ഐ.എസ്.ആർ.ഒ. ചെയർമാൻ ആരായിരുന്നു.

A) അബ്ദുൾ കലാം

B) ജോർജ് ഗഫൽസ്

C) സതീശ് ധവാൻ

D) ഇവരാരുമല്ല

181. നെന്മണി എന്ന പദം വിഗ്രഹിച്ചാൽ

A) നെല്ലിന്റെ മണി

B) നെല്ലു പോലുള്ള മണി

C) നെല്ലിലെ മണി

D) ഇവയൊന്നുമല്ല.

182. താഴെതന്നിരിക്കുന്നവയിൽ നാടക സ്വഭാവമുള്ള ഒരനുഷ്ഠാനം ഏതാണ്?

A) കഥകളി

B) ചവിട്ടുനാടകം

C) പൊറാട്ടുനാടകം

D) പടയണി

183. വള്ളത്തോളിന്റെയും ചങ്ങമ്പുഴയുടേയും കാവ്യ പാരമ്പര്യത്തെ ആധുനിക കവിതയുമായി ബന്ധിപ്പിച്ച കവി ആരാണ്?

A) ഡി. വിനയചന്ദ്രൻ,

B) ജി. കുമാരപിള്ള

C) പി. കേശവദേവ്

D) കുഞ്ചൻ നമ്പ്യാർ

184. ചിത്രശലഭങ്ങൾ ഏതുതരം സാഹിത്യ കൃതി ആണ്?

A) പ്രബന്ധം

B) കഥ

C) നാടകം

D) ലേഖനം

185. വികടോറിയാ വെള്ളച്ചാട്ടം സന്ദർശിക്കാൻ പറ്റിയ നല്ലകാലം ഏതാണ്?

A) ജൂൺ-ജൂലൈ മാസം

B) മെയ്-ജൂൺമാസം

C) ജൂലൈ -ഓഗസ്റ്റ് മാസം

D) ഏപ്രിൽ -മെയ്മാസം

186. മഞ്ഞുതുള്ളി എന്ന കവിത എഴുതിയതാര്?

A) വള്ളത്തോൾ

B) ഉള്ളൂർ

C) കുമാരനാശാൻ

D) എഴുത്തച്ഛൻ

187. കൊടുങ്ങല്ലൂരിൽ ജനിച്ച നിരൂപകനായ കവി ആരാണ്?

A) കടമ്മനിട്ട

B) സച്ചിദാനന്ദൻ

C) ബാലാമണിയമ്മ

D) സുഗതകുമാരി

188. താഴെപ്പറയുന്നവയിൽ ബോധേശ്വരന്റെ കൃതി ഏതാണ്.

A) നവഗാനം

B) സുന്ദരഗാനം

C) കേരളഗാനം

D) ഈഗാനം

189. നെല്ലുകുത്തുമ്പോൾ അരിയിൽ നിന്നും വേർപ്പെടുന്ന പുറന്തോട് ഏതാണ്?

A) നെല്ല്

B) കതിര്

C) കറ്റ

D) ഉമി

190. കേരളത്തിന്റെ തനതായ നൃത്തരൂപം ഏതാണ്യ

A) ഭരതനാട്യം

B) നാടോടിനൃത്തം

C) മോഹിനിയാട്ട്

D) കഥകളി

191. ആദ്യമായി ജ്ഞാനപീഠം അവാർഡ് നേടിയ കേരളീയൻ ആരാണ്?

A) എം.ടി വാസുദേവൻ നായർ

B) ജി.ശങ്കരക്കുറുപ്പ്

C) എസ്.കെ. പൊറ്റക്കാട്

D) പൊൻകുന്നം വർക്കി

192. താഴെ തന്നിരിക്കുന്നതിൽ ശരിയായ പ്രയോഗം ഏത്?

A) ഐച്ഛികം

B) ഐചികം

C) ഐച്ഛ്ഛികം

D) ഐഛികം

# ഉത്തരസൂചിക

| | |
|---|---|
| 1. | B |
| 2. | D |
| 3 | C |
| 4 | A |
| 5 | A |
| 6 | B |
| 7 | A |
| 8 | B |
| 9 | B |
| 10 | A |
| 11 | A |
| 12 | A |
| 13 | C |
| 14 | C |
| 15 | B |
| 16 | B |
| 17 | C |
| 18 | B |
| 19 | C |
| 20 | B |
| 21 | A |
| 22 | D |
| 23 | A |
| 24 | D |
| 25 | A |
| 26 | B |
| 27 | B |
| 28 | A |
| 29 | B |
| 30 | C |
| 31 | C |
| 32 | B |
| 33 | C |
| 34 | C |
| 35 | A |
| 36 | B |
| 37 | A |
| 38 | B |
| 39 | B |
| 40 | B |
| 41 | C |
| 42 | C |
| 43 | A |
| 44 | C |
| 45 | B |
| 46 | D |
| 47 | B |
| 48 | B |
| 49 | A |
| 50 | B |
| 51 | D |
| 52 | B |
| 53 | B |
| 54 | C |
| 55 | C |
| 56 | B |
| 57 | B |
| 58 | D |
| 59 | B |
| 60 | B |
| 61 | B |
| 62 | B |
| 63 | C |
| 64 | D |
| 65 | D |
| 66 | B |
| 67 | A |
| 68 | B |
| 69 | A |
| 70 | A |
| 71 | C |
| 72 | A |
| 73 | B |
| 74 | A |
| 75 | C |
| 76 | A |
| 77 | D |
| 78 | C |
| 79 | B |
| 80 | A |
| 81 | B |
| 82 | B |
| 83 | c |
| 84 | B |
| 85 | B |
| 86 | A |
| 87 | C |
| 88 | B |
| 89 | C |
| 90 | D |
| 91 | A |
| 92 | C |
| 93 | C |
| 94 | A |
| 95 | A |
| 96 | A |
| 97 | B |
| 98 | B |
| 99 | A |
| 100 | C |
| 101 | B |
| 102 | A |
| 103 | B |
| 104 | A |

| | | | | | | | |
|---|---|---|---|---|---|---|---|
| 105 | C | 132 | C | 159 | B | 186 | B |
| 106 | A | 133 | A | 160 | A | 187 | B |
| 107 | A | 134 | B | 161 | B | 188 | C |
| 108 | C | 135 | C | 162 | D | 189 | D |
| 109 | B | 136 | B | 163 | B | 190 | C |
| 110 | D | 137 | D | 164 | A | 191 | B |
| 111 | B | 138 | B | 165 | B | 192 | C |
| 112 | A | 139 | A | 166 | D | | |
| 113 | B | 140 | B | 167 | B | | |
| 114 | B | 141 | B | 168 | B | | |
| 115 | C | 142 | C | 169 | B | | |
| 116 | B | 143 | B | 170 | B | | |
| 117 | B | 144 | B | 171 | B | | |
| 118 | C | 145 | B | 172 | A | | |
| 119 | B | 146 | A | 173 | A | | |
| 120 | C | 147 | D | 174 | B | | |
| 121 | A | 148 | C | 175 | C | | |
| 122 | C | 149 | B | 176 | B | | |
| 123 | C | 150 | B | 177 | A | | |
| 124 | B | 151 | B | 178 | C | | |
| 125 | A | 152 | A | 179 | B | | |
| 126 | D | 153 | C | 180 | C | | |
| 127 | C | 154 | A | 181 | A | | |
| 128 | A | 155 | D | 182 | D | | |
| 129 | B | 156 | B | 183 | B | | |
| 130 | A | 157 | A | 184 | C | | |
| 131 | B | 158 | C | 185 | A | | |